# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

# എക്സിക്യൂട്ടീവ് കമ്മിറ്റി

# മിനിറ്റ്സ്



**തിയതി : 05.02.2022** **സമയം : 12.00 pm**

മുളംകുന്നത്തുകാവ്, തൃശ്ശൂർ ഫോൺ 0487-2201312

**2022 ഫെബ്രുവരി 05 ന് ഉച്ചക്ക് 12.00 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന സംയോജിത കിലയുടെ പതിനെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2. | ശ്രീ. ബാലമുരളി ഡി IAS<br>കമ്മീഷണർ റൂറൽ ഡെവലപ്പ്മെന്റ് , ഗ്രാമവികസന വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 3. | ശ്രീമതി ജ്യോത്സന മോൾ എസ്<br>ജോയിന്റ് ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ(Rural) പ്രതിനിധി | | മെമ്പർ |
| 4. | ഡോ. ഉമ്മു സൽമ<br>ജോയിന്റ് ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Urban) പ്രതിനിധി | | മെമ്പർ |
| 5. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |
| 6. | ശ്രീ. മധുസൂദനൻ നായർ<br>അണ്ടർ സെക്രട്ടറി<br>ധനകാര്യ വകുപ്പ് സെക്രട്ടറി പ്രതിനിധി | | മെമ്പർ |

**അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ പ്രാവർത്തികമാക്കുന്നതിൽ കിലയുടെ പരിശീലനങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയും കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി. ശാരദാ മുരളീധരൻ ഐ.എ.എസ് അഭിനന്ദനം അറിയിച്ചതിന് തുടർന്ന് കില ഡയറക്ടർ ജനറലിന് എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ടാണ് യോഗം ആരംഭിച്ചത്.**

ഐറ്റം നമ്പർ -01

09.11.2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനേഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് (കരട്) അംഗീകരിക്കുന്നത് സംബന്ധിച്ച്

09.11.2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് (കരട്) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അനുബന്ധം-(1)

തീരുമാനം

09.11.2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനേഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.

ഐറ്റം നമ്പർ - 02

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 17th EXECUTIVE COMMITTEE MEETING HELD ON 09/11/2021 | |
|---|---|
| Executive Committee Decision | Action Taken |
| ഐറ്റം നമ്പർ - 01<br>16/10/2021 തീയ്യതിയിലെ സംയോജിത കിലയുടെ പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് (കരട്) അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം** : 16/10/2021 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| ഐറ്റം നമ്പർ - 02<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം** :<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.<br>2. 10/08/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ഐറ്റം നം: 13 - കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീ നിരക്ക് | <br><br><br><br><br><br><br><br>തീരുമാനപ്രകാരം കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീ നിരക്ക് സംബന്ധിച്ച് അഡ്വക്കേറ്റുമായി ചർച്ച ചെയ്ത് സമവായത്തിലെത്തുന്നതിനുള്ള |

| | | |
|---|---|---|
| | സംബന്ധിച്ച് അഡ്വക്കേറ്റുമായി ചർച്ച ചെയ്ത് സമവായത്തിലെത്തുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 3. | 22/02/2021 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൌണ്ട് തുടങ്ങുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഏതു തരം അക്കൌണ്ട് ആണ് കില ഓപ്പൺ ചെയ്യുന്നത് എന്നത് അറിയിക്കണമെന്ന് FCRA CELL ൽ നിന്ന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു:<br>SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ കിലക്ക് ലഭിക്കുന്ന FCRA fund കൈകാര്യം ചെയ്യുന്നതിലേക്കായി Current Account കില ഡയറക്ടർ ജനറലിന്റെ പേരിൽ തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | തീരുമാനപ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ കിലക്ക് ലഭിക്കുന്ന FCRA fund കൈകാര്യം ചെയ്യുന്നതിലേക്കായി Current Account കില ഡയറക്ടർ ജനറലിന്റെ പേരിൽ ആരംഭിക്കുന്നതിനായുള്ള തീരുമാനം കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഒപ്പുവച്ചു കൊണ്ടും കമ്മിറ്റി അംഗങ്ങളുടെ പേരും വിലാസവും ആധാർ നമ്പർ, പാൻകാർഡ് നമ്പർ എന്നിവ ഉൾപ്പെടെ FCRA സെല്ലിലേക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കില എക്സിക്യൂട്ടീവ് കൌൺസിൽ അംഗങ്ങളുടെ സ്വയം സാക്ഷ്യപെടുത്തിയ KYC സമർപ്പിക്കുവാൻ ഉള്ള നിർദേശമാണ് FCRA Cell ന്യൂഡെൽഹിയിൽ നിന്നുള്ള ഇ-മെയിൽ പ്രകാരം 14/01/2022 തീയതിയിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയത് പ്രകാരം കില എക്സിക്യൂട്ടീവ് അംഗങ്ങളുടെ സ്വയം സാക്ഷ്യപെടുത്തിയ KYC അടയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് FCRA Cell ന്യൂഡെൽഹിയിലേക്ക് സമർപ്പിക്കുന്നതാണ്. |

| | |
|---|---|
| **ഐറ്റം നമ്പർ - 3**<br>സയോജിത കിലയുടെ കരട് നിയമാവലി (Service Bye law) - സംബന്ധിച്ച്<br>**തീരുമാനം :** സംയോജിത കിലയുടെ കരട് നിയമാവലി എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുകയും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു. ടി ഭേദഗതികളോടെ കിലയുടെ കരട് നിയമാവലി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും നിർദ്ദേശിച്ച ഭേദഗതികൾ വരുത്തിയ കരട് നിയമാവലി ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ആയതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | സംയോജിത കിലയുടെ കരട് നിയമാവലി 17/11/2021 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചു |
| **ഐറ്റം നമ്പർ - 4**<br>സംയോജിത കിലയുടെ കരട് HR പോളിസി - സംബന്ധിച്ച്<br>**തീരുമാനം :** സംയോജിത കിലയുടെ HR പോളിസി കരട് എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിക്കുകയും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു. ടി ഭേദഗതികളോടെ കിലയുടെ HR പോളിസി കരട് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും നിർദ്ദേശിച്ച ഭേദഗതികൾ വരുത്തിയ HR പോളിസി കരട് ഗവേർണിംഗ് കൌൺസിൽ | സംയോജിത കിലയുടെ HR പോളിസി കരട് 17/11/2021 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചു |

| | |
|---|---|
| മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശ ചെയ്തു. ആയതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | |

| ACTION TAKEN REPORT ON THE DECISION OF THE 15th EXECUTIVE COMMITTEE MEETING HELD ON 10/08/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ - 3**<br>ഓഡിറ്റ് റിപ്പോർട്ട്: 2020-21 അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>1) 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോട് കൂടി ഗവേർണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | 17/11/2021 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു.. |
| 2) ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിശദമായി ചർച്ച് ചെയ്ത് താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തുകയും തീരുമാനിക്കയുമുണ്ടായി.<br>(1) 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയുള്ള കാലഘട്ടങ്ങളിലെ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ) ധനസഹായത്താൽ നടപ്പിലാക്കിയ കാര്യശേഷി വികസന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് Central Board of Indirect Tax and Customs ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി | Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ്. |

| | |
|---|---|
| അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ് എന്ന് വിലയിരുത്തി. | |
| (2) കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കിയിട്ടുള്ളത് പോലെതന്നെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു. നടപടി: കില ഡയറക്ടർ ജനറൽ | സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് സമർപ്പിക്കുന്നതിനാവശ്യമായ കരട് കത്ത് സഹിതം 2016/101/370/HQ നമ്പർ അപേക്ഷ 25/08/2021 തീയതിയിൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (3) GST (Reverse Charge) സംബന്ധിച്ച് ജി എസ് ടി കൺസൾട്ടന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുവൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | GST (Reverse Charge) സംബന്ധിച്ച് ജി എസ് ടി കൺസൾട്ടന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (4) Project Asset Management ലെയും MGP Replication Project ന്റെയും unutilized തുകകൾ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | Project Asset Management ലെയും MGP Replication Project ന്റെയും unutilized തുകകൾ 2021-22 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള പ്രപ്പോസ്സൽ തയ്യാറാക്കുവാനുള്ള നടപടി ആരംഭിച്ചു. ആയതിന് കില ഫാക്കൽറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (5) കിലയിൽ നിന്നും വിവിധ പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക സെറ്റിൽ ചെയ്യുന്നത് സംബന്ധിച്ച പരാമർശം വിശദമായി ചർച്ച ചെയ്തു. ആയത് 2021 നവംബറിനകം തീർപ്പാക്കുന്നതിലേക്കായി അടിയന്തിര | കിലയുടെ പരിശീലന പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക സെറ്റിൽ ചെയ്യുന്നതിനായുള്ള |

| | |
|---|---|
| പ്രാധാന്യം നൽകുവാനും കില ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുവാനും കില ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകി. | അദാലത്ത് 2022 ജനുവരി 18-19 തീയതികളിൽ സംഘടിപ്പിച്ചതിനെ തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ നിന്നും വൗച്ചറുകളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ കൈക്കൊണ്ട് വരുന്നു.. |
| **ഐറ്റം നമ്പർ - 5**<br>മുൻ ഇടിസികളുടെ ലയനം - സംബന്ധിച്ച്<br><br>**തീരുമാനം** : തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി<br>1. ഭരണ നടപടിക്രമങ്ങളും സാമ്പത്തിക ഇടപാടുകളും സംയോജിപ്പിച്ചുകൊണ്ട് ഒരു കടക്കീഴിൽക്കൊണ്ടുവരിക<br>2. മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിക്കുക | മൂന്ന് സെന്ററുകളിലേയും ആസ്തി വിവരങ്ങൾ ശേഖരിച്ച് ഗ്രാമവികസന കമ്മീഷണർക്ക് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം അതാത് പ്രിൻസിപ്പാൾമാർക്ക് നൽകിയിട്ടുണ്ട്. അതോടൊപ്പം ഗ്രാമവികസന കമ്മീഷണറുടെ കാര്യലയത്തിൽ നിന്നും മുൻ ഇ.ടി.സി കളുടെ ആസ്തിവിവരങ്ങൾ സാക്ഷ്യപ്പെടുത്തി കിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള അപേക്ഷയും ഗ്രാമവികസന കമ്മീഷണർക്ക് നൽകിയിട്ടുണ്ട് |
| 3. സെന്ററുകളിലെ ഭരണ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം സജ്ജമാക്കിക്കൊണ്ട് ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചു. | തീരുമാന പ്രകാരം കോകില – Phase II ഇലക്ട്രോണിക് ഫയൽ ഫ്ലോ സിസ്റ്റം കിലയുടെ ആസ്ഥാനത്തും കിലയുടെ 4 സെന്ററുകളിലും നടപ്പിലാക്കി. |
| 4. തളിപറമ്പ, കൊട്ടാരക്കര, മണ്ണുത്തി എന്നീ മൂന്ന് കേന്ദ്രങ്ങളിലെയും കെട്ടിടങ്ങൾ അറ്റക്കുറ്റപ്പണി നടത്തുന്നതിനും ആവശ്യമായ | സർക്കാരിന്റെ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് കിലയുടെ മൂന്ന് സെന്ററുകളിലെയും പദ്ധതികൾ നടപ്പിലാക്കുന്നതിന് അതാത് |

| | |
|---|---|
| ഫർണ്ണിച്ചറുകൾ ഉൾപ്പെടെ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനും തീരുമാനിച്ചു.<br><br>5. തളിപ്പറമ്പിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രം സജ്ജമാക്കുവാൻ തീരുമാനിച്ചു | സെന്ററുകളിലെ പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>തളിപ്പറമ്പിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേന്ദ്രം സജ്ജമാക്കുന്നതിന്റെ ആദ്യഘട്ടമായി ഒരു പരിശീലന ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള. ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ തുടർനടപടികൾ സംബന്ധിച്ച തീരുമാനത്തിനായി **അജണ്ട ഐറ്റം നം.** 4 ആയി 05/02/2022 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നമ്പർ - 6**<br>കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച്<br><br>**തീരുമാനം** : ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങളിലൂടെ കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കിലക്ക് ലഭ്യമാക്കുന്ന മുറക്ക് കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ, വിശദമായ പ്ലാൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് താൽപ്പര്യ പത്രം (EoI) ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും തുടർനടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി | ഭൂമി ഏറ്റെടുത്ത് കിലക്ക് ലഭ്യമാക്കുന്ന മുറക്ക് തുടർ നടപടികൾ കൈകൊള്ളുന്നതാണ്. |
| **ഐറ്റം നമ്പർ - 7**<br>പ്രൊഫസർ തസ്തിക നിയമനം നടത്തുന്നത് - സംബന്ധിച്ച്<br><br>**തീരുമാനം** : പ്രൊഫസർ തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ | സംയോജിത കിലയുടെ HR പോളിസി കരട് 17/11/2021 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചു |

<table>
<tr>
<td>സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും പ്രമോഷൻ സംബന്ധിച്ച നടപടികൾ HR Poilcy അംഗീകരിച്ച് ലഭ്യമാക്കുന്നതിനനുസൃതമായി തീരുമാനങ്ങൾ കൈക്കൊള്ളാമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി.</td>
<td></td>
</tr>
<tr>
<td><u>ഐറ്റം നമ്പർ - 8</u><br>Assistant (II/I/Sr.Gr/Selection Grade) തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്<br><br>തീരുമാനം : തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ ബോർഡുകൾ, കോർപറേഷനുകൾ , സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാന തസ്തികയിൽ (അസിസ്റ്റന്റ് / ക്ലർക്ക്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ തല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി കിലയിൽ ഒഴിവുള്ള താഴെപ്പറയുന്ന നാല് Assistant (II/I/Sr.Gr/Selection Grade) തസ്തികയിലേക്ക് നിയമനം നടത്തുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
<table>
<tr><th>ക്രമ നമ്പർ</th><th>തസ്തിക</th><th>ഒഴിവുകളുടെ എണ്ണം</th><th>ശമ്പള നിരക്ക് (pre-revised)</th><th>യോഗ്യതാ മാനദണ്ഡ</th></tr>
</table>
</td>
<td>തീരുമാനപ്രകാരം അസിസ്റ്റന്റ് (സ്ഥിരം) തസ്തികകളിലേക്ക് അപേക്ഷ നൽകുന്നതിനായുള്ള താൽപ്പര്യപത്രം പത്രങ്ങളിലും കില വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും നിശ്ചിത തീയതിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ലഭ്യമായ പരിശോധിച്ച് 07.01.2022-ൽ ഇൻറർവ്യൂ നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമന ഉത്തരവ് നൽകിയിട്ടുമുണ്ട്.<br><br>20000-45800 എന്ന ശമ്പള നിരക്കുള്ള Assistant (II/I/Sr.Gr/Selection Grade) തസ്തികയിലേക്ക് അനുയോജ്യമായ അപേക്ഷകൾ ലഭിക്കാത്തതിനെത്തുടർന്ന് ടി തസ്തികയിലുള്ള ഒഴിവ് നികത്തുന്നതിലേക്കായി പുനർവിജ്ഞാപനം നടത്തുന്നതിനുള്ള നടപടി ആരംഭിക്കേണ്ടതുണ്ട്.</td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| 1. | Assistant (II/I/Sr.Gr/Selection Grade) | 1 | 20000-45800 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും | |
| 2. | Assistant (II/I/Sr.Gr/Selection Grade) | 3 | 19000-43600 | ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവു | |

| | |
|---|---|
| **ഐറ്റം നമ്പർ - 10**<br>കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് – സംബന്ധിച്ച് | |
| **തീരുമാനം** : കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സ്ഥലം അനുവദിക്കുന്നത് കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിധിയിൽ വരാത്തതിനാൽ പ്രസ്തുത അപേക്ഷ ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | കില കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന മാതൃക അംഗൻവാടിയോട് ചേർന്ന് കുടുംബാരോഗ്യ ഉപകേന്ദ്രവും, കൃഷിഭവൻ സബ് സെന്ററും സ്ഥാപിക്കുന്നതിനായി മുളംകുന്നത്ത്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും കിലക്ക് അധിക ഭൂമി ലഭിക്കുന്ന മുറക്ക് ഈ വിഷയം ചർച്ച ചെയ്യാം എന്ന് 17/11/2021 തീയതിയിൽ ചേർന്ന ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു |
| **ഐറ്റം നമ്പർ - 17**<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് - | |

| | |
|---|---|
| **തീരുമാനം** : തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലൂടെ മാത്രമേ 18/06/2019-ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം നടത്താനാവുകയുള്ളൂ എന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | കില KIIFB project മുഖേനയുള്ള സ്കൂളുകളുടെ വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് 17/11/2021 തീയതിയിൽ ചേർന്ന കില ഗവേണിംഗ് കൗൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയത് പ്രകാരം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് |
| **ഐറ്റം നമ്പർ - 18**<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - 200 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം (3 കോടി വീതം)<br>**തീരുമാനം** :200 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസന ( 3 കോടി വീതം) ത്തിനായുള്ള പ്രവർത്തനങ്ങൾ കില ഏറ്റെടുക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി ആശങ്ക അറിയിച്ചു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെന്ന നിലയിൽ പ്രസ്തുത സ്കൂളുകൾ സംബന്ധിച്ച തീരുമാനം സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കേണ്ടതാണ്. | വിശദമായ അജണ്ട 05/02/2022 ന് ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ **അജണ്ട** ഐറ്റം നം. 10 ആയി സമർപ്പിച്ചിട്ടുണ്ട്. |

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ : 02<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :**<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>(1) മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കിലയിൽ നിന്ന് ടിയാന് നൽകിയത് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തിരിച്ച് ലഭിക്കുന്നതിനായി ഗ്രാമവികസന കമ്മീഷണർക്ക് കത്തയച്ചിട്ടുണ്ട്. |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>ഐറ്റം നമ്പർ -01<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

തീരുമാനം

1. മുൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിലെടുത്ത് നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.
2. 10.08.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റ്സ് ഐറ്റം നമ്പർ 3 ലെ 2(4) തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊജക്റ്റ് അസറ്റ് മാനേജ്മെന്റ് എന്ന ശീർഷകത്തിലുള്ള തുക ഇൻഫർമേഷൻ കേരള മിഷനുമായി (IKM) കൂടിയാലോചിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അസറ്റ് രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തി നടപ്പാക്കുന്നതിനായി ഉപയോഗിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. MGP-Replication Project എന്ന ശീർഷകത്തിലുള്ള തുക കില നടത്തി വരുന്ന ഡോക്യുമെന്റേഷൻ ഡിസെമിനേഷൻ പ്രാദേശിക ആക്ഷൻ റിസർച്ച്, മ്യൂസിയം തുടങ്ങിയവയിലേക്ക് ഉപയോഗിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
3. 10.08.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഐറ്റം നമ്പർ 5 (2) ലെ മൂന്ന് മുൻ ഇ.ടി.സി കളിലെ ആസ്തി വിവരങ്ങൾ സാക്ഷ്യപ്പെടുത്തി കിലയ്ക്ക് അടിയന്തിരമായ 1 ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണറെ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.
4. 10.08.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റ്സ് ഐറ്റം നമ്പർ 8 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, വിവിധ ബോർഡുകൾ, കോർപറേഷനുകൾ,

സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാന തസ്തികയിൽ (അസിസ്റ്റന്റ് ക്ലർക്ക്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ തല്പരരുമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് തുടർ നടപടക്രമങ്ങളിലൂടെ നിയമനം നടത്തുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കിലയുടെ ബൈലോ പ്രകാരം മുൻ സ്ഥാപനങ്ങളിലെ സേവന കാലയളവ് കിലയിൽ പരിഗണിക്കുന്നില്ല. ഈ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ടി അപേക്ഷകർ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ/ബോർഡ് എന്നിവ മുഖാന്തിരം യോഗ്യത നേടിയവരായതിനാൽ തന്നെ ടി അപേക്ഷകരുടെ സ്ഥാപനത്തിലെ സേവന കാലയളവ് കിലയിൽ പരിഗണിക്കണമെന്ന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ആയതുമായി ബന്ധപ്പെട്ട് കിലയുടെ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

5. 22.02.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റ്സ് ഐറ്റം നമ്പർ 2 (1) പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തുക കിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ - 03

**കില-തളിപ്പറമ്പ് കാമ്പസ് ഒരു അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് സംബന്ധിച്ച്**

കില തളിപ്പറമ്പ കേന്ദ്രം സോഷ്യൽ എഞ്ചിനീയറിംഗ് ഉൾപ്പടെയുള്ള ഉന്നത പഠന, ഗവേഷണ, പരിശീലന, വിജ്ഞാന വിനിമയ കേന്ദ്രമാക്കി വികസിപ്പിക്കണമെന്ന വീക്ഷണത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കായി ദീർഘവീക്ഷണത്തോടെ, കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കിയുള്ള പരിപാടികൾ ആരംഭിക്കേണ്ടതുണ്ട്. പ്രസ്തുത ക്യാമ്പസ് അക്കാദമീയമായും ഭൗതിക സൗകര്യങ്ങളുമായും ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്.

കിലയുടെ തളിപ്പറമ്പ് കാമ്പസ് ഒരു അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നതിനോടനുബന്ധിച്ച് താഴെപ്പറയുന്ന 3 PG കോഴ്സുകൾ തളിപ്പറമ്പ ക്യാമ്പസ്സിൽ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

1) MA Social Entrepreneurship and Development
2) MA Public Policy and Development
3) MA Decetralisation and Local Governance

ഈ വിഷയങ്ങൾ ബിരുദാനന്തര ബിരുദതലത്തിൽ കേരളത്തിൽ മറ്റ് കോളേജുകളിലോ യൂണിവേഴ്സിറ്റികളിലോ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കോഴ്സുകൾക്ക് പ്രാധാന്യം ഏറി വരുന്ന ഈ കാലഘട്ടത്തിൽ ടി വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം സൃഷ്ടിക്കാൻ സാധ്യമാകും. കേരളത്തിനകത്തും അന്താരാഷ്ട്ര തലത്തിലും വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ പ്രയോജനം ലഭ്യമാവുന്ന രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. കേരള സർക്കാർ, യൂണിവേഴ്സിറ്റി എന്നിവരുടെ ഉത്തരവുകൾക്ക് വിധേയമായി ക്ലാസുകൾക്ക് പ്രവേശനം നൽകുന്നതോടൊപ്പം കിലയുടെ പരിശീലനങ്ങളും ഇവർക്ക് ലഭ്യമാക്കാനാവും.

കിലയുടെ തളിപ്പറമ്പ് ക്യാമ്പസ്സിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തികൊണ്ടും അതോടൊപ്പം കില ഹെഡ്ക്വാർട്ടേഴ്സ് തൃശ്ശൂർ കാമ്പസ്സിലുള്ള സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കും.

പ്രസ്തുത കാമ്പസിനെ ദേശീയ അന്തർദേശീയ ക്യാമ്പസാക്കുന്നതിന്റെ ഭാഗമായി വിപുലമായ ലൈബ്രററി ഉൾപ്പെടെയുള്ള പുതിയ അക്കാദമിക് ബ്ലോക്കിന് ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം ഉന്നത നിലവാരമുള്ള ഹോസ്റ്റൽ അടക്കമുള്ള പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 12 കോടി രൂപ ആസൂത്രണ ബോർഡ് 2022-23 സാമ്പത്തിക വർഷത്തിൽ കിലയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

മേൽ പ്രതിപാദിച്ച അന്താരാഷ്ട്ര നിലവാരമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾ കിലയുടെ തളിപ്പറമ്പ ക്യാമ്പസ്സിൽ തുടങ്ങുവാനും പ്രസ്തുത ക്യാമ്പസ് PG Centre ആയി ഉയർത്തുവാൻ ഉള്ള അപേക്ഷ ബഹു. തദ്ദേശസ്വയംഭരണ, ഗ്രാമവികസന, എക്സൈസ് മന്ത്രിയുടെ നിർദ്ദേശാനുസരണം കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം 31/12/2021 ന് മുമ്പ് സമർപ്പിച്ചിട്ടുള്ളത് കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനും ക്യാമ്പസ് PG Centre ആയി ഉയർത്തുന്നതിനും ഉള്ള തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**.തീരുമാനം**

**ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനും കില തളിപ്പറമ്പ ക്യാമ്പസ് PG Centre ആയി ഉയർത്തുന്നതിനും കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ ചുവടെ ചേർക്കുന്ന മൂന്ന് പി.ജി കോഴ്സുകൾ കില തളിപ്പറമ്പ ക്യാമ്പസ്സിൽ ആരംഭിക്കുവാൻ തീരുമാനിച്ചു.**

1) MA Social Entrepreneurship and Development
2) MA Public Policy and Development – ഈ കോഴ്സിന്റെ പേര് MA Public Policy, Development and Climate Action എന്ന് നാമകരണം ചെയ്യുവാൻ ശുപാർശ ചെയ്തു.

3) MA Decentralisation and Local Governance

മേൽ പരാമർശിച്ച കോഴ്സുകൾ കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. ഇതിലേക്കായി അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി കില തളിപ്പറമ്പ ക്യാമ്പസിൽ നീക്കി വെക്കുവാൻ തീരുമാനിച്ചു. കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കില ഡയറക്ടർ ജനറൽ കണ്ണൂർ സർവ്വകലാശാലയിൽ പ്രാരംഭ അപേക്ഷ നൽകിയ നടപടി ക്രമവൽവരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

കില തളിപ്പറമ്പ ക്യാമ്പസിന്റെ ദീർഘകാല വിഭവ പരിപ്രേക്ഷ്യം, നടപടി എന്നിവ സംബന്ധിച്ച വിശദമായ Concept Note തയ്യാറാക്കണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ -04

**കില തളിപ്പറമ്പ കേന്ദ്രത്തിൽ അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച്.**

2021-22 സാമ്പത്തിക വർഷത്തിൽ കില തളിപ്പറമ്പ കേന്ദ്രത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണത്തിലേക്കായി 424.23 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്.

12885 ചതുരശ്ര അടി വിസ്തീർണ്ണത്തോട് കൂടിയ ബ്ലോക്കിൽ ആധുനിക സൌകര്യങ്ങളോട്ടുകൂടിയ 150 പേർക്ക് ഇരിക്കാവുന്ന ഒരു AC ക്ലാസ്സ് റൂം 75 പേർക്ക് ഇരിക്കാവുന്ന 2 AC ക്ലാസ്സ് റൂമുകളും, പ്രിൻസിപ്പൽ റൂം, ഓഫീസ് റൂം, ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർ ലാബ്, ഡിജിറ്റൽ ലൈബ്രറി, വിസിറ്റിംഗ് റൂം, സ്ത്രീകൾക്കും, പുരുഷന്മാർക്കും ഉപയോഗിക്കാവുന്ന സെപ്പറേറ്റ് ടോയ്ലറ്റ്, റാമ്പ് എന്നിവ ഉൾക്കൊള്ളുന്ന ഏകനില കെട്ടിടത്തിനുള്ള പ്ലാനും (Abstract) എസ്റ്റിമേറ്റും ആണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം ആവശ്യമാണ്.

കില തളിപ്പറമ്പ കേന്ദ്രത്തിൽ വെച്ച് 27/01/2022 ന് ബഹു. തദ്ദേശസ്വയംഭരണ, ഗ്രാമവികസന, എക്സൈസ് മന്ത്രി ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ കില തളിപ്പറമ്പ കേന്ദ്രം അക്കാദമീയമായും ഭൗതിക സൗകര്യങ്ങളുമായും ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തേണ്ടതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും കാമ്പസ്സിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും തീരുമാനമായിട്ടുള്ളത് കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.

**കില തളിപ്പറമ്പ കേന്ദ്രത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച് തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം

1. കില തളിപ്പറമ്പ കേന്ദ്രത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
2. കാമ്പസ്സിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ഇതിനായി ടൗൺ പ്ലാനിംഗ് വിദഗ്ധരെ നിയോഗിച്ച് നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
3. കില തളിപ്പറമ്പ കേന്ദ്രത്തിൽ FST പ്ലാന്റ് സ്ഥാപിക്കുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തളിപറമ്പ് മുനിസിപ്പാലിറ്റി, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്, മറ്റ് സമീപ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ, മറ്റ് ഏജൻസികൾ എന്നിവയുമായി ചർച്ച ചെയ്ത് തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
4. കില തളിപ്പറമ്പ കേന്ദ്രം അക്കാദമീയമായും ഭൗതിക സൗകര്യങ്ങളുമായും ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തേണ്ടതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടി കൈകൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ -05

## കിലയിലെ നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിര നിയമനം സംബന്ധിച്ച്

കിലയിൽ നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിര നിയമനം നടത്തുവാൻ തീരുമാനിക്കുകയും ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ 2021 നവംബർ 17 ന് ചേർന്ന സംയോജിത കിലയുടെ എട്ടാമത് ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി. പ്രസ്തുത തീരുമാനപ്രകാരം അടിയന്തിരമായി നിയമന നടപടി കൈക്കൊള്ളേണ്ടതായ തസ്തികകളുടെ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

| ക്രമ.നം | തസ്തിക | യോഗ്യത | ശമ്പളനിരക്ക് |
|---|---|---|---|
| 1. | Lecturer-Information Technology | B.Tech in Electronics and communications / IT/Computer Science / MCA (regular course) after graduation in Maths/ Science with mathematics as one subject.<br>Preferable Qualification: M.Tech | 35700-75600 |
| 2. | Internal Auditor | 1.Pass in CA/CMA<br>2. Knowledge in Computerised Accounting/Finance.<br>2. Knowledge in computerized system of accounting and finance<br>3. In case of direct recruitment 3 years experience post qualifying CA/CMA. | 35700-75600 |
| 3. | Financial Assistant | Essential:<br>1. Master's Degree in commerce/ Pass in intermediate of CA/CMA<br>2. Computer proficiency in Tally software<br>3. Three years experience in commercial accounting in a reputed institution/firm | 27800-59400 |
| 4. | Driver-cum-Attendant | Educational Qualification:<br>1.SSLC or equivalent<br>2. Must possess a Motor Driving License (LDV License) of atleast10 years standing and Driver's Badge<br>3.Proficiency in driving Light and Heavy-Duty Motor Vehicle<br>4. Heavy Duty Motor Vehicle Driving License | 19000 – 43600 |

| | | | |
|---|---|---|---|
| | | 5.Working knowledge of Malayalam, Hindi and English<br><br><u>Preferable Qualification</u><br>• Training in Driving Techniques Conducted by Government institutions/Government Agencies<br>• Working Knowledge of Hindi and English (Malayalam eessential)<br>• Two year working experience as Driver in Government Institutions/Board/ Corporation/Autono mous Body. | |

11.03.2020 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ഡ്രൈവർ തസ്തികയിലേക്ക് പത്ര പരസ്യം മുഖേന അപേക്ഷ ക്ഷണിക്കുകയും എഴുത്ത് പരീക്ഷയും പ്രാക്ടിക്കൽ ടെസ്റ്റ് നടത്തുകയും ചെയ്തു. എന്നാൽ പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17.02.2021 ലെ ഗവേണിംഗ് കൌൺസിൽ തീരുമാനിക്കുകയാണ് ഉണ്ടായത്.

**മേൽ തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച് തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**Lecturer-Information Technology, Internal Auditor, Financial Assistant , Driver-cum- Attendant എന്നീ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ച് നിയമനം നടത്തുവാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു .തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ -06

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച്**

ബഹു.തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യവും താൽക്കാലികമായി വിട്ടുനൽകുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും വിവരം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായും തുടർനിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു. ആയതിന്റെ പകർപ്പ് **അനുബന്ധം-(2)** ആയി ഉള്ളടക്കം ചെയ്യുന്നു.

**തീരുമാനം**

**കില നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളും സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ട് കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യവും താൽക്കാലികമായി വിട്ടുനൽകുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ -07

**കിലയിലെ മുൻ ഫാക്കൽറ്റികളായ ഡോ.ഉമ്മൻജോൺ, ഡോ.ലീലാകുമാരി എന്നിവരുടെ യു.ജി.സി പേ റിവിഷൻ പ്രകാരമുളള കുടിശ്ശികതുക - സംബന്ധിച്ച്**

KILA-CHRD (മുൻ SIRD) യുടെ കോർ ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും മറ്റ് അനുബന്ധ ചെലവുകൾ പൂർണ്ണമായും (100%) കേന്ദ്രഗ്രാമവികസനമന്ത്രാലയമാണ് വഹിക്കുന്നത്. മുൻ SIRDലെ ഫാക്കൽറ്റി അംഗങ്ങളായിരുന്ന ഡോ.ഉമ്മൻ ജോൺ, ഡോ.ലീലാകുമാരി എന്നിവർക്ക് നിർദ്ദേശാനുസരണം സർവ്വീസ് കാലാവധി പരിഗണിച്ച് UGC Scale അനുവദിക്കുകയും പ്രൊഫസർ തസ്തികയിൽ സ്ഥിരീകരണം നൽകുകയും ചെയ്തിരുന്നു. ഇൻസ്റ്റിട്യൂട്ടിലെ ഫാക്കൽറ്റിമാരായിരുന്ന ഡോ.ഉമ്മൻ ജോൺ (Retired on 28.02.2019) , ഡോ.ലീലാകുമാരി (Retired on 30.11.2017) എന്നിവർക്ക് UGC Scale പ്രകാരം അനുവദിച്ച പ്രൊമോഷനുമായി ബന്ധപ്പെട്ട കുടിശ്ശികത്തുക നൽകുന്നതിനാവശ്യമായ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രഗ്രാമവികസനമന്ത്രാലയത്തിലേക്ക് (MoRD) വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഡോ.ഉമ്മൻ ജോണിന് 52,47,191/- രൂപയും ഡോ.പി.ലീലാകുമാരിക്ക് 15,20,512/- രൂപയും ഉൾപ്പെടെ ആകെ 67,67,703/-രൂപ യാണ് കുടിശ്ശികയായി നൽകാനുള്ളത്. പ്രസ്തുത തുക ലഭ്യമാക്കുന്നതിന് നിരവധി ഓർമ്മക്കുറിപ്പുകളും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലേക്ക് നല്കിയിരുന്നു.

യു.ജി.സി ശമ്പളപരിഷ്കരണം സമയബന്ധിതമായി അനുവധിക്കാതെ കാലതാമസം വരുത്തിയത് സംസ്ഥാന സർക്കാരാണെന്നും ആയതിനാൽ കുടിശ്ശിക അനുവദിക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കണമെന്നാണ് 9.12.2021 ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ കത്ത് മുഖാന്തിരം കിലയിലേക്ക് അറിയിച്ചിട്ടുള്ളത്. കത്തിന്റെ പകർപ്പ് **അനുബന്ധം-(3)** ആയി ഉള്ളടക്കം ചെയ്യുന്നു.

കില -സി.എച്ച്.ആർ.ഡിയിലെ ഫാക്കൽറ്റിമാരായിരുന്ന ഡോ.ഉമ്മൻ ജോൺ (Retired on 28.02.2019), ഡോ.ലീലാകുമാരി (Retired on 30.11.2017)എന്നിവർക്ക് UGC Scale പ്രകാരമുള്ള കുടിശ്ശിക തുകയായ 67,67,703/-രൂപ [(ഡോ.ഉമ്മൻ ജോൺ- 52,47,191/- രൂപ,ഡോ.പി.ലീലാകുമാരി 15,20,512/- രൂപ] അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശത്തിനായി .കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കില -സി.എച്ച്.ആർ.ഡിയിലെ മുൻ ഫാക്കൽറ്റി അംഗങ്ങളുടെ യു.ജി.സി ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തു. അതോടൊപ്പം കേന്ദ്രഗ്രാമവികസനമന്ത്രാലയത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിലേക്കായി തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ - 08

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ - സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്

1. 28/09/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി KILA- KIIFB project - സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില - കിഫ്ബി പ്രൊജക്ടിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.

   (1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
   (2) ഡയറക്ടർ ജനറൽ, കില
   (3) ചീഫ് മാനേജർ, കില കിഫ്ബി PMU
   (4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില - കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിച്ച് 29/09/2020 തീയതിയിൽ കില 2019/101/6200/HQ)നമ്പർ നടപടിക്രമം കില ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുകയുണ്ടായി.

ടെണ്ടർ/റീ ടെണ്ടർ/quotation ക്ഷണിച്ചുക്കൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian

Express) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം കിലയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യുഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്.

| ടെണ്ടർ പരസ്യം ചെയ്ത തീയതി | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ തുറന്ന തീയതി | അംഗീകരിച്ച ടെണ്ടറുകളുടെ എണ്ണം |
|---|---|---|---|
| 01.09.2021 (e-quoataion) | 29 | 20.09.2021 | 26 |
| 20.09.2021 (e-Tender) | 57 | 06.10.2021 | 53 |

മേൽനടപടികളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോഡുകളും പരിശോധിക്കുന്നതിനായി സബ്കമ്മറ്റി താഴെപ്പറയുന്ന തീയതികളിൽ ചേരുകയും ആയതിന്റെ മിനിട്സ് അംഗീകാരത്തിനായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| Date of Minutes | Remarks |
|---|---|
| 25.09.2021 | അനുബന്ധം – 5 |
| 22.10.2021 | അനുബന്ധം – 4 |

സബ്കമ്മറ്റി മിനിറ്റ്സിലെ പ്രസക്ത ഭാഗങ്ങൾ ചുവടെച്ചേർക്കുന്നു.

- ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും എല്ലാ പ്രമാണങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളതും, സാധുവായതുമായ എല്ലാ ദർഘാസുകൾ അംഗീകരിക്കുന്നതിനും സാധുവായ ടെൻഡറുകൾ ലഭ്യമല്ലാത്തതും സിംഗിൾ ടെൻഡറുകൾ ലഭ്യമായതുമായ പ്രവർത്തികളുടെ ടെൻഡർ നിരസിച്ച് റീടെൻഡർ ചെയ്യുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

- എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% അധികരിച്ച് തുക ക്വാട്ട് ടെൻഡറുകൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ടെൻഡറുകൾ സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ അത്തരം ടെൻഡറുകൾ സമർപ്പിച്ച കരാറുകാരുടെ (L1) നെഗോഷിയേറ്റ് ചെയ്ത് 10% നുള്ളിൽ അധികരിച്ച നിരക്കിൽ പ്രവർത്തി ഏറ്റെടുത്തു നടപ്പിലാക്കുവാൻ തയ്യാറാണെങ്കിൽ മേൽ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ അംഗീകരിച്ചു നൽകുന്നതിനും അല്ലാത്ത പക്ഷം റീ-ടെണ്ടർ ചെയ്യുന്നതിനും കമ്മിറ്റി യോഗം ഏകകണ്ഠമായി തീരുമാനിച്ചു. ഈ

ടെൻഡറിന്റെ firm Period അവസാനിക്കുന്നതിനു മുൻപ് ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികരിച്ച നിരക്ക് ക്വാട്ട് ചെയ്ത പ്രവർത്തികളെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിന് കമ്മിറ്റിയോഗം കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

- 19.10.2021 തീയതിയിലെ ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകി സെലക്ഷൻ നോട്ടീസ് നല്കിയതുമായ Govt. HSS Palliman എന്ന പ്രവൃത്തിയുടെ കരാറുകാരനായ Sri. Jhonsont T നിലവിലെ സാധന വിലയും ലേബർ ചാർജും വർദ്ധിച്ച കാരണം ടി പ്രവൃത്തി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടാണെന്നും ടിയാനെ പ്രവൃത്തിയുടെ കരാർ ചമയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി EMD തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട കത്ത് നൽകിയിരുന്നു. ടി വിഷയം കമ്മിറ്റി വിശദമായി പരിശോധിക്കുകയും റീ ടെണ്ടറിൽ ലഭ്യമായ ടിയാന്റെ single tender കരാറുകാരന്റെ നി ˇടോത്തര! ാ ി ലത്തിൽ പുനഃ ക്രമീകരിക്കുന്നതിനും കരാറുകരന്റെ EMD മുതൽ കൂട്ടുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

- 26.05.2021 തീയതിയിലെ ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകി സെലക്ഷൻ നോട്ടീസ് നല്കിയതുമായ Govt. UPS Pulliyil എന്ന പ്രവൃത്തിയുടെ L1 കരാറുകാരനായ Sri. Shamsudheen C കരാർ ഒപ്പിടുന്നതിൽ വിസമ്മതിച്ചതും, ടി പ്രവൃത്തി L1 quote ചെയ്ത തുകയിൽ ഏറ്റെടുക്കുന്നതിന് L2 വിസ്സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ L1- ന്റെ EMD മുതൽ കൂടി ടിയാന്റെ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് രേഖാമൂലം L1 ന് നോട്ടീസ് നൽകിയത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ quote ചെയ്ത തുകയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഒപ്പിടുന്നതിന് Sr.Shamsudheen C സമ്മതം അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് കരാർ ഒപ്പിടുന്നതിന് അനുമതി നൽകി, കരാർ ഒപ്പിട്ട് വർക്ക് ഓർഡർ നൽകുന്നതിന് ചീഫ് മാനേജരെ കമ്മിറ്റി ചുമതലപ്പെടുത്തി.

- 29.12.2020 തീയതിയിലെ ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തി അനുവദിച്ച നൽകിയ Sri. Jhonsont T ന് സെലക്ഷൻ നോട്ടീസ് നല്കിയതുമായ GHS Madatharakanni, Thriruvananthapuram പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ കരാർ ചമയ്ക്കുന്നതിൽ ടിയാൻ പരാജയപ്പെട്ടു. ഇക്കാരണത്താൽ ടിയാന്റെ നി ˇടോത്തര! ാ ി ലത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് ഉത്തരവ് നൽകിയെങ്കിലും ടിയാൻ പ്രതികരിക്കാതിരുന്നതിനാൽ ചീഫ് മാനേജരുടെ 07.10.2021 ലെ CM/KILA KIIFB PMU/CL-5/2020, 06.10.2021 ലെ CM/KILA-KIIFB PMU/CL-4/2020 ഉത്തരവ് പ്രകാരം (GO (P) No.13/2012/PWD dated 01.02.2012 ലെ PWD Manual 2012 (Revised) 2009-6 ഖണ്ഡിക പ്രകാരം) ടിയാന്റെ EMD -കൾ കിലയിലേക്ക് മുതൽകൂടി ടിയാന്റെ നി ˇടോത്തര! ാ ി ലത്തിൽ പ്രവൃത്തികൾ പുനഃ ക്രമീകരിക്കുന്നതിനുവേണ്ടി

നടപടികൾ സ്വീകരിച്ച ചീഫ് മാനേജരുടെ നടപടി കമ്മിറ്റി യോഗം അംഗീകരിക്കുകയും, സാധുകരിച്ചു നൽകുകയും ചെയ്യു തീരുമാനിച്ചു.

- DSR 2018 സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും പ്രാബല്യത്തിൽ വന്ന സ്ഥിതിയിലും, തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ (സ.ഉ (സാധാ) നം.1778/2021/ത.സ്വ.ഭ.വ തീയതി 16.09.2021) DSR 2016 പ്രകാരമുള്ള നിരക്ക് പ്രകാരം സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്ന (e-tender and Manual Tender) പ്രവൃത്തികൾക്ക് 10% അധിക നിരക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ കിഫ്ബി ധനസഹായത്തോടെ അവരുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 10% വരെ അധിക നിരക്ക് കിഫ്ബിയുടെ അനുമതിയോടെ അംഗീകരിക്കാമെന്നുള്ള വ്യവസ്ഥ പ്രകാരമാണ് KILA PMU പ്രവൃത്തികൾ അംഗീകരിച്ചു വരുന്നത്. DRS 2016 നിരക്കിൽ നിന്നും DSR 2018 നിരക്ക് പ്രാബല്യത്തിൽ വരുമ്പോൾ 15%മുതൽ 22% വരെ നിരക്ക് വർദ്ധന DSR 2018 പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഉണ്ടാകുവാൻ സാധ്യതയുള്ളതു കൊണ്ട്, ഈ കമ്മിറ്റി പരിഗണിച്ച ടെണ്ടറുകളിൽ 10% -ൽ അധിക നിരക്ക് quote ചെയ്യ കരാറുകാരുടെ നിരക്ക് അംഗീകരിക്കണമോ എന്നും, എത്ര ശതമാനം വരെ അപ്രകാരം അധിക നിരക്ക് DSR 2016 പ്രകാരം തയ്യാറാക്കിയ നിരക്കിലുള്ള e-tender -ന് അനുവദിക്കാമെന്നും 25.10.2021 കിഫ്ബി അധികാരികളുമായി PMU പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള മീറ്റിംഗിന്റെ ശ്രദ്ധയിൽ കൊണ്ട് വന്ന് തീരുമാനം ലഭ്യമാക്കുന്നതിനുള്ള തീരുമാനം കമ്മിറ്റി കൈകൊണ്ടു.

സബ് കമ്മറ്റിയുടെ മിനിറ്റ്സുകൾ അനുബന്ധം-(4,5) ആയി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ സബ് കമ്മറ്റിയുടെ മിനിറ്റ്സുകൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ - 09

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ റിപ്പോർട്ട്

446 സ്കൂളുകളിൽ feasible ആയിട്ടുള്ള 401 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 399 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടര്ന്ന് 'സാങ്കേതികാനുമതി സമിതികൾ' 335 സ്കൂളുകള്ക്ക് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. തുടര്ന്ന് 329 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 266 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 182 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

| Sl. No | DISTRICT | Total No. works | Not Feasible works (Nos) | Feasible works (Nos) | Approved by KIIFB | TS issued | Tendered | Agreement executed | Work Started | TS remaining | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | Pending due to corrections | TS pending due to various issues |
| 1 | Thiruvananthapuram | 55 | 1 | 54 | 53 | 52 | 52 | 42 | 16 | 1 | 0 |
| 2 | Kollam | 31 | 5 | 26 | 26 | 24 | 24 | 17 | 8 | 1 | 1 |
| 3 | Pathanamthitta | 3 | 0 | 3 | 3 | 3 | 3 | 2 | 2 | 0 | 0 |
| 4 | Alappuzha | 24 | 5 | 19 | 19 | 9 | 9 | 5 | 2 | 9 | 1 |
| 5 | Kottayam | 9 | 0 | 9 | 9 | 7 | 7 | 3 | 3 | 1 | 1 |
| 6 | Ernakulam | 25 | 4 | 21 | 21 | 14 | 14 | 11 | 8 | 6 | 1 |
| 7 | Idukki | 12 | 0 | 12 | 12 | 11 | 11 | 9 | 6 | 1 | 0 |
| 8 | Thrissur | 32 | 3 | 29 | 29 | 28 | 26 | 21 | 16 | 1 | 0 |
| 9 | Palakkad | 36 | 2 | 34 | 34 | 34 | 34 | 34 | 26 | 0 | 0 |
| 10 | Malappuram | 65 | 11 | 54 | 53 | 47 | 47 | 42 | 31 | 0 | 6 |

| Sl. No | DISTRICT | Total No. works | Not Feasible works (Nos) | Feasible works (Nos) | Approved by KIIFB | TS issued | Tendered | Agreement executed | Work Started | TS remaining | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | Pending due to corrections | TS pending due to various issues |
| 11 | Kozhikkode | 31 | 2 | 29 | 29 | 21 | 20 | 19 | 13 | 1 | 7 |
| 12 | Wayanad | 30 | 0 | 30 | 30 | 25 | 24 | 16 | 13 | 2 | 3 |
| 13 | Kannur | 40 | 7 | 33 | 33 | 25 | 25 | 24 | 23 | 1 | 7 |
| 14 | Kasaragod | 53 | 5 | 48 | 48 | 35 | 33 | 21 | 15 | 6 | 7 |
| | TOTAL | 446 | 45 | 401 | 399 | 335 | 329 | 266 | 182 | 30 | 34 |

മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു

തീരുമാനം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project യുമായി ബന്ധപ്പെട്ട സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ റിപ്പോർട്ട് കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.

ഐറ്റം നമ്പർ 10 -

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസന പദ്ധതി ( 3 കോടി വീതം)-സാങ്കേതികാനുമതി അനുവദിക്കുന്നത് – സംബന്ധിച്ച്**

28/11/2021 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 783/2021-പൊവിവ പ്രകാരം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ മൂന്ന് കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾക്കായി 233 സ്കൂളുകളുടെ എസ്.പി.വി.യായി ഇൻകലിനെ ചുമതലപ്പെടുത്തിയ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്ത 194 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തി ഉത്തരവായി. അതോടൊപ്പം തന്നെ 04/11/2020 ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No. 2997/2020-GEDN പ്രകാരം 6 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് കോടി രൂപ വീതം ധനസഹായമുള്ള ആകെ 200 സ്കൂളുകളുകളുടെ നിർമ്മാണത്തിന് കിലയെ ചുമതലപ്പെടുത്തിയതിട്ടുള്ളത്.

മൂന്ന് കോടി പദ്ധതിയിൽ ഉൾപ്പെടുന്ന കേരളത്തിലെ 200 സ്കൂളുകളിലെ നവീകരണവുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ സാങ്കേതികാനുമതി കമ്മിറ്റി ചെയർമാൻ ആയി ബഹു: സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.2/2022/LSGD dated 01.01.2022 പ്രകാരം കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസി (KSRRDA), ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 3 Technical Sanction Committee രൂപീകരിക്കുന്നതിനുള്ള നിർദേശം പൊതു വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

| Sl No | Districts | Technical Sanction Committee |
|---|---|---|
| 1 | 1. Thiruvananthapuram<br>2. Kollam<br>3. Pathanamthitta<br>4. Alappuzha<br>5. Kottayam<br>6. Eranakulam | 1. Chief Engineer, KSRRDA - Chairman<br>2. Chief Manager, KILA-PMU – Convener<br>3. Sri.Anwar Hussain S, (Rtd. Superintending Engineer) - Member<br>4. Executive Engineer / Superintending Engineer of Concerned Jilla Panchayath/ Corporation – Member<br>5. Regional Manager R-I KILA-PMU – Member<br>6. Sri. Jayadas K., Retd. Executive Engineer (PWD Retd), Team Member, Electrical Life Mission, Electrical Engineer – Member |
| 2 | 1. Idukki<br>2. Thrissur<br>3. Palakkad<br>4. Malappuram | 1. Chief Engineer, KSRRDA - Chairman<br>2. Chief Manager, KILA-PMU – Convener<br>3. Sri.Anwar Hussain S, (Rtd. Superintending Engineer) - Member<br>4. Executive Engineer / Superintending Engineer of Concerned Jilla Panchayath/ Corporation – Member<br>5. Regional Manager R-II KILA-PMU – Member<br>6. Sri. K Venugopalan, Retd Director (Transmission) KSEB, Electrical Engineer – Member |
| 3 | 1. Kozhikkod<br>2. Wayanad<br>3. Kannur<br>4. Kasaragod | 1 Chief Engineer, KSRRDA - Chairman<br>2 Chief Manager, KILA-PMU – Convener<br>3 Sri.Anwar Hussain S, (Rtd. Superintending Engineer) - Member<br>4 Executive Engineer / Superintending Engineer of Concerned Jilla Panchayath/ Corporation – Member<br>5 Regional Manager R-III KILA-PMU – Member<br>6 Sri. Sabu V V , Executive Engineer Retd., Electrical Engineer – Member |

കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനായും സമർപ്പിക്കുന്നു.

**തീരുമാനം**

**കില ഡയറക്ടർ ജനറലിന്റെ നടപടി കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ 11 -

**KILA-KIIFB Project Management Unit (PMU)മായി ബന്ധപ്പെട്ട വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പദ്ധതി നിർവ്വഹണത്തിനായി കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് പ്രകാരം SPV യുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി Project Management Unit (PMU) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കില പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമം 2005 പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകുന്നതിനായി കില, കിഫ്ബി, പി.എം.യു ലെ ഉദ്യോഗസ്ഥരെ വിവരാവകാശ നിയമത്തിലെ വകുപ്പ് 5(1), (2) എന്നിവ പ്രകാരം നിയോഗിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. Appellate Authority – Chief Manager, (Technical) KILA PMU
2. State Public Information Officer – Regional Manager I (Technical) KILA PMU
3. Assistant Public Information Officer – Manager I (Technical) KILA PMU

**കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനായും സമർപ്പിക്കുന്നു.**

**തീരുമാനം**

**കില ഡയറക്ടർ ജനറലിന്റെ നടപടി കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ -12

കില കിഫ്ബി പദ്ധതി - പി.എം.യു യൂണിറ്റിന്റെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - 200 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസന പദ്ധതിയുടെ നടത്തിപ്പിലേക്കായി താഴെപ്പറയുന്നവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രവർത്തി | റിമാർക്സ് |
|---|---|---|
| 1. | കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന ബില്ലുകൾ പരിശോധിച്ച് കിഫ്ബിയിൽ സമർപ്പിക്കൽ | Public Works മായി ബന്ധപ്പെട്ട സർക്കാർ മേഖലയിൽ പ്രവൃത്തിപരിചയമുള്ള Sri. Abdul Latheef M നെ കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ Financial Consultant ആയി 26.10.2021 തീയതി മുതൽ കൺസൾട്ടൻസി വ്യവസ്ഥയിൽ 70,000/- രൂപ സേവന വേതന നിരക്കിൽ നിയോഗിച്ചിട്ടുണ്ട് . |
| 2. | കിഫ്ബിയുടെ ഓൺലൈൻ പോർട്ടൽ ആയിട്ടുള്ള PFMS ൽ പദ്ധതികളുടെ സാങ്കേതിക അനുമതി മുതൽ ബില്ല് വരെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യൽ | കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിലവിലെ ലിസ്റ്റിൽ നിന്നും Project Consultant (IT) തസ്തികയിൽ 30,000/- രൂപ സേവന വേതന വ്യവസ്ഥയിൽ Ms. Gouri J Suresh & Ms. Neethu Mohan VM നിയോഗിച്ചിട്ടുണ്ട് . |
| 3. | മൂന്ന് കോടി പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി ചീഫ് മാനേജർ, PMU -നെ സഹായിക്കുന്നതിന് | Project Interns തസ്തികയിൽ 24,040 രൂപ സേവന വേതന വ്യവസ്ഥയിൽ Ms. Ganga V Raju നെ നിയോഗിച്ചിട്ടുണ്ട്. |

4. കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തി പുരോഗമിക്കുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കൂടുതൽ Project Interns അനിവാര്യമായ സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്നവരെ ASAP നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും നിയോഗിക്കുകയുണ്ടായി.

| | | | | |
|---|---|---|---|---|
| 1 | VISHNU NANDAKUMAR | 26.11.2021 | Idukki | 24040 |
| 2 | AMRITHA P | 29.11.2021 | Kasaragod | 24040 |
| 3 | VRINDA PRAKASH P V | 29.11.2021 | Kannur | 24040 |
| 4 | YADUNANDANAN M | 29.11.2021 | Malappuram | 24040 |
| 5 | A VISHNU | 29.11.2021 | Palakkad | 24040 |
| 6 | ABHIJITH J B | 29.11.2021 | Thiruvananthapuram | 24040 |
| 7 | TONY SHAW | 29.11.2021 | Kollam | 24040 |
| 8 | VEENA NAIR A P | 07.12.2021 | Wayanad | 24040 |
| 9 | ATHIRA SREEKUMAR | 30.12.2021 | Malappuram | 24040 |

കില ഡയറക്ടർ ജനറലിന്റെ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനായും സമർപ്പിക്കുന്നു.

**തീരുമാനം**

**കില ഡയറക്ടർ ജനറലിന്റെ നടപടി കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ - 13

**കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് -**

കിലയുടെ സെക്യൂരിറ്റി കരാർ All Kerala Ex-servicemen and Security Force Charitable Trust, Guruvayur നാണ് 2018 ൽ ക്വട്ടേഷൻ വഴിയാണ് ലഭ്യമായത്. ടി ഏജൻസിയുടെ സേവനം തൃപ്തികരമായതിനാൽ 2019 ൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുകയും ആയത് 4.1.2019 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ഡയറക്ടറുടെ തീരുമാനം സാധൂകരിക്കുന്നതോടൊപ്പം തന്നെ കരാർ തുകയുടെ 10% വർദ്ധനവ് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് 17/12/2019 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം വേതന വർദ്ധനവില്ലാതെ All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് കാലാവധി 31.12.2020 ദീർഘിപ്പിച്ച് നൽകുകയുണ്ടായി. തുടർന്ന് 22/02/2021 ലെ കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പുവരുത്തി കരാർ തുക നിശ്ചയിക്കുവാനും കാലാവധി 31.12.2021 ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. തീരുമാനപ്രകാരം മിനിമം wage ഉറപ്പുവരുത്തി ഒരു വ്യക്തിക്ക് 562 രൂപ (476+18% GST)എന്ന നിരക്കിൽ 10 പേർക്ക് ഒരു മാസം 1,74121 രൂപയാണ് ഏജൻസിക്ക് അനുവദിച്ച് നൽകുന്നത്.

31/12/2021 തീയതി സെക്യൂരിറ്റി കരാറിന്റെ കാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും ജോലിയിൽ തുടരുന്നതിന് തയ്യാറാണെന്നും ഇപ്പോഴത്തെ സാമ്പത്തിക വില സൂചികയുടെ അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആയതിന്റെ ഇൻക്രിമെന്റ് കൂടി അനുവദിക്കണമെന്നും ഒരു ഹെഡ് ഗാർഡിനെ കൂടി അനുവദിക്കുന്നതിനും അഭ്യർത്ഥിച്ചുകൊണ്ടുള്ള All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്രട്ടറിയുടെ 24/12/2021 ലെ കത്ത് ലഭ്യമായിട്ടുണ്ട്. ടി **ഏജൻസിയുടെ അപേക്ഷ പ്രകാരം കരാർ പുതുക്കി നൽകുന്നതിനുള്ള തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം

All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്യൂരിറ്റി സർവ്വീസ് കരാർ പുതുക്കി നൽകുന്നതിന് കില എക്സിക്യൂട്ടീവ്കമ്മിറ്റി തീരുമാനിച്ചു. മിനിമം wage ഉറപ്പുവരുത്തി കരാർ തുക നിശ്ചയിക്കുവാനും കാലാവധി 31.12.2022 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

ഐറ്റം നമ്പർ 14 -

പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

പതിനൊന്നാം ശമ്പളപരിഷ്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് ജി.ഒ(പി) നം.27/2021/ഫിൻ തീയതി 10/2/2021 പ്രകാരം സർക്കാർ ജീവനക്കാർക്കും സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്കും, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ സർക്കാരിന്റെ ഫോർമൽ അപ്രൂവൽ/Sanction വാങ്ങേണ്ടതാണ് എന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം കിലയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് (12/8/2016 ലെ ഗവൺമെന്റ് സർക്കുലർ നം 69/2016/ഫിൻ പ്രകാരം) കില ഗവേണിംഗ് കൗൺസിൽ തീരുമാനത്തോടൊപ്പം വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. കില Self-Financing Model ആണ് പ്രവർത്തിക്കുന്നത് എന്നതിനാൽ കില ജീവനക്കാർക്ക് ശമ്പളപരിഷ്കരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുന്നില്ല എന്നത് കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിയിവിലേക്കായി സമർപ്പിക്കുന്നു. അതോടൊപ്പം പതിനൊന്നാം ശമ്പളപരിഷ്കരണം ലഭ്യമാക്കേണ്ട കില ജീവനക്കാരുടെ വിശദമായ പട്ടിക അനുബന്ധം-(6) ആയി ഉള്ളടക്കം ചെയ്യുന്നു.

പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആയതിനാൽ പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. പ്രസ്തുത പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.**

ഐറ്റം നമ്പർ - 15

**ഗ്രാറ്റുവിറ്റി സ്കീമിന്റെ ഡി.സി.ആർ.ജി തുക - പുതുക്കിയ ആനുകൂല്യം കില ജീവനക്കാർക്ക് ബാധകമാക്കുന്നത് സംബന്ധിച്ച്**

17.03.2004 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം കില ജീവനക്കാർക്ക് Gratuity പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 22.03.2005 ലെ G.O. (MS) No. 82/2005/LSGD സർക്കാർ ഉത്തരവ് പ്രകാരം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൽ.ഐ.സി) മുഖേന നടപ്പാക്കുന്നതിന് അനുവാദം നൽകിയിതിനെ തുടർന്ന് ഗ്രാറ്റുവിറ്റി സ്കിം നടപ്പാക്കി വരുന്നു. ഗ്രാറ്റുവിറ്റി സ്കീമിന്റെ ഡി.സി.ആർ.ജി തുക സർക്കാർ ഉത്തരവിന് അനുസൃതമായി കാലാകാലങ്ങളിൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി അനുവദിച്ചു നൽകി വരുന്നു.

01.07.2014 ലെ G.O.(P) No. 09/2016/Fin സർക്കാർ ഉത്തരവ് പ്രകാരം കില ജീവനക്കാർക്ക് ഡി.സി.ആർ.ജി തുക 14 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ടുള്ള തീരുമാനം 09.08.2018 തീയതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ട്. ആയതിന് വിധേയമായി കില ജീവനക്കാർക്ക് ഡി.സി.ആർ.ജി തുക 14 ലക്ഷം രൂപയായി അനുവദിച്ചിട്ടുള്ളതുമാണ്.

12.02.2021 ലെ ലെ സർക്കാർ ഉത്തരവ് G.O. (P) No. 30/2021/Fin പ്രകാരം ഡി.സി.ആർ.ജി തുക പരമാവധി 17 ലക്ഷമായി 01.04.2021 മുതൽ നിജപെടുത്തി സർക്കാർ ഉത്തരവായതിന്റെ (പകർപ്പ് **അനുബന്ധം-(7)**) അടിസ്ഥാനത്തിൽ കില ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**12.02.2021 ലെ ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.സി.ആർ.ജി തുക പരമാവധി 17 ലക്ഷമാക്കി നിജപ്പെടുത്തുമ്പോൾ കിലയ്ക്ക് ഉണ്ടാവുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദാംശം അടുത്ത കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.**

ഐറ്റം നമ്പർ - 16

**കില വികസനം – ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 62 .74 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് അടക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

2021 നവംബർ 17 ന് ചേർന്ന സംയോജിത കിലയുടെ എട്ടാമത് ഗവേർണിംഗ് കൗൺസിൽ യോഗതീരുമാന പ്രകാരം കില വികസനത്തിനായി കാമ്പസിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 62,74,24,040 രൂപ അടക്കേണ്ട സാഹചര്യത്തിൽ കിലയിൽ പ്രസ്തുത ആവശ്യത്തിലേക്കായി നീക്കിയിരിപ്പുള്ള 20,16,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 42,58,24,040 രൂപ അധിക ധനസഹായമായി സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 15.12.2021 ലെ കില നം 2016/101/588 കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളത് കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

കിലയുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി കില കാമ്പസിനോടും മെയിൻ റോഡിനോടും ചേർന്നും കിടക്കുന്ന ഏകദേശം 9.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംക്ഷിപ്ത വിവരം ചുവടെച്ചേർക്കുന്നു.

1. 08.08.2011 തീയതിയിൽ ചേർന്ന കില ജനറൽ കൌൺസിൽ കിലയെ കല്പിത സർവ്വകലാശാല ആക്കുന്നതിനും അടിസ്ഥാന സൌകര്യം വികസനത്തിലേക്കുമായി ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.
2. തുടർ നടപടികളുടെ ഭാഗമായി 19.03.2013 തീയതിയിൽ കൂടിയ ഹൈലെവൽ കമ്മിറ്റി കിലയുടെ അപേക്ഷ പരിഗണിച്ച് 1.6188 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം നൽകി. തുടർന്ന് 16.04.2013 തീയതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായി.
3. ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് 3 തവണകളായി 12.84 കോടി രൂപ (3+4.84+5= 12.84 crores) 23/03/2013, 30/03/2014, 09/10/2015 തീയതികളിലായി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടച്ചിട്ടുള്ളതാണ്
4. തുടർ നടപടികളുടെ ഭാഗമായി സർക്കാർ ഉത്തരവ് പ്രകാരം കില കല്പിത സർവ്വകലാശാല ആക്കുന്നതിന് ആവശ്യമായ ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ട്.
5. സ്ഥലത്തിന്റെ പൊന്നിൻ വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ 24.02.2014 ന് ചേർന്ന ഡി.എൽ സി യോഗത്തിൽ സ്ഥലം ഉടമകളായ ശ്രീമതി. ജയന്തി രഘുനാഥ മല്ലയ്യ സ്ഥലം വിട്ട് തരുവാൻ താല്പര്യം ഇല്ലെന്ന്

അറിയിക്കുകയുംചെയ്തു. മറ്റൊരു സ്ഥലം ഉടമയായ ശ്രീമതി. സുഹറ അവരുടെ കുടുംബ സ്വത്തിൽ ബാക്കിയുള്ള ഏകദേശം ആറ് ഏക്കറോളം സ്ഥലം കൂടി കിലക്ക് തരുവാൻ സന്നദ്ധമാണെന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് ടി സ്ഥലം കൂടി ഏറ്റെടുക്കുന്നതിലേക്കാവശ്യമായ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

6. മേൽ അപേക്ഷ പ്രകാരം 26.2.2016 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.1512/16/RD പ്രകാരം കിലയുടെ വികസനത്തിനായി 3.6635 ഹെക്ടർ സ്ഥലം (ഏകദേശം ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിച്ചു. എന്നാൽ പുതിയ LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് റിക്വസിഷൻ സമർപ്പിക്കേണ്ടതാണെന്നും, ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതാണെന്നും, ആയതുകൊണ്ട് ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിനായി 25/01/2017 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.217/2017/LSGD പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23/02/2017 ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിനായി ചേർന്ന യോഗത്തിൽ ഭൂവുടമകളും കില പ്രതിനിധികളും പങ്കെടുക്കുകയും സർക്കാർ നിശ്ചയിച്ച് നൽകിയ സെന്റ് ഒന്നിന് 3 ലക്ഷം രൂപ നിരക്കിൽ സ്ഥലം വിട്ടുതരാൻ തയ്യാറല്ല എന്ന് ഭൂവുടമകൾ അറിയിച്ചു.

7. മേൽ വിഷയം 29/03/2017 ലെ കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുകയും പുതുക്കിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ LARR ACT 2013 (Land Acquisition Rehabilitation and Resettlement Act 2013) പ്രകാരം കിള്ളന്നൂർ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 538/IP, 539/IP, 540/IP, 543/IP, & 539/3 ഉൾപ്പെട്ട 3.6635 ഹെക്ടർ സ്ഥലം (ഏകദേശം) ഭൂമി ഏറ്റെടുക്കുന്നതിനു അനുമതി നൽകിക്കൊണ്ട് 07.09.2017 തീയതിയിലെ സ. ഉ. (സാ ധാ) 2997/2017/തസ്വഭവ ഉത്തരവ് ലഭ്യമായി.

8. തുടർ നടപടികളുടെ ഭാഗമായി തൃശ്ശൂർ ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ ഇ4-43617/2017 പ്രകാരം കില ഡയറക്ടർ അർത്ഥനാധികാരി ആയിട്ടുള്ള കില വികസനത്തിന് 3.6635 ഹെക്ടർ സ്ഥലം (ഏകദേശം ) ഏറ്റെടുക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ , തൃശ്ശൂർ എന്നിവരെ നിയോഗിച്ച ഉത്തരവായിട്ടുണ്ട്.

9. തുടർന്ന് നാല് വർഷങ്ങൾക്ക് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി അവസാന ഘട്ടത്തിലെത്തിച്ചേരുകയും തുടർന്ന് 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് മുഖേന 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി ആയിട്ടുള്ള കില ഡയറക്ടർ ജനറൽ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അർത്ഥനാധികാരി മുൻ തീയതികളിൽ അടച്ച 12,84,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 62,74,24,040 രൂപ കാലതാമസം കൂടാതെ അടക്കേണ്ടതാണെന്ന് അറിയിപ്പ് 12/11/2021

തീയതിയിൽ കിലയിൽ ലഭിച്ചു. ടി അറിയിപ്പ് പ്രകാരം അടക്കേണ്ട തുക സംബന്ധിച്ച വിശദാംശം ചുവടെച്ചേർക്കുന്നു.

<table>
<tr><th colspan="4">Estimated Amount of Compensation</th></tr>
<tr><th colspan="3">Items</th><th>Amount (in Rs)</th></tr>
<tr><td colspan="3">Land Value- Amount of Estimated Compensation</td><td>21,28,13,135.72</td></tr>
<tr><td colspan="3">Multiplication Factor</td><td>1.20</td></tr>
<tr><td colspan="3">Multiple Amount (1.2*212813135.72)</td><td>25,53,75,762.86</td></tr>
<tr><td colspan="3">Structure Value- Amount of estimated Compensation</td><td>0.00</td></tr>
<tr><td colspan="3">Tree Value</td><td>2,93,586</td></tr>
<tr><td colspan="3">Total</td><td>25,56,69,348.86</td></tr>
<tr><td colspan="3">Solatium @100%</td><td>25,56,69,348.86</td></tr>
<tr><td colspan="3">12% interest on land value for the period from 30/7/2019 to 28.02.2022 (945 days)</td><td>6,61,17,834.49</td></tr>
<tr><td colspan="3">Amount Paid towards SIA study</td><td>1,00,422.00</td></tr>
<tr><td colspan="3">Amount towards Rehabilitation and resettlement</td><td>0.00</td></tr>
<tr><td colspan="3">Total Compensation</td><td>57,75,56,954.22</td></tr>
<tr><td colspan="3">Establishment Charge @30% of Total Compensation =(573428962.44*30/100)</td><td>17,32,67,086.27</td></tr>
<tr><td colspan="3">Contingency Charge@5% of total compensation ((573428962.44*5/100)=Rs.28671448/-)) Subject to mxm amount of Rs. 5000000</td><td>50,00,000.00</td></tr>
<tr><td colspan="3">Grant Total of estimated compensation</td><td>75,58,24,040.49</td></tr>
<tr><td rowspan="3">Leass amount already deposited by the requisitioning authority</td><td>Towards Compensation</td><td>12,84,00,000.000</td><td rowspan="3">12,84,00,000.000</td></tr>
<tr><td>For establishment Charges</td><td>0.00</td></tr>
<tr><td>Under contingency charges</td><td>0.00</td></tr>
<tr><td colspan="3">Balance amount to be deposited by the requisitioning authority</td><td>62,74,24,040.49</td></tr>
<tr><td colspan="3">Rounded to Rupees</td><td>62,74,24,040</td></tr>
</table>

മേൽപട്ടിക പ്രകാരം നിശ്ചയിച്ച ഭൂമി വില അനുസരിച്ച് സെന്റ് ഒന്നിന് ഏകദേശം 8,34,915 രൂപയാണ് സ്ഥലം ഉടമക്ക് ലഭ്യമാകുന്നത്. കൂടാതെ ഭരണ നിർവ്വഹണച്ചെലവുകൾക്കായി 17,32,67,086.27 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആകെ 75,58,24,040.49 രൂപയിൽ കില അടച്ച 12,84,00,000 കോടി രൂപ കിഴിച്ച് ബാക്കി 62,74,24,040 രൂപയാണ് അടക്കാനായി ആവശ്യപ്പെട്ടിരിക്കുന്നത്.

2013 മാർച്ചിൽ ആരംഭിച്ച സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി കില ആകെ 33 കോടി രൂപയാണ് വകക്കൊള്ളിച്ചിരിക്കുന്നത്. ആയതിൽ 12,84,00,000 രൂപ അടച്ചിട്ടുള്ളത് കിഴിച്ച് ആകെ 20.16 കോടി രൂപ മാത്രമാണ് കിലയുടെ കൈവശം ഉള്ളത്.

മേൽ വിവരങ്ങൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

**തീരുമാനം**

**കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സർക്കാരിൽ നിന്ന് തുക അനുവദിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ -17

**കിലയിൽ കരാർ ഏറ്റെടുത്തു നടത്തുന്ന ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവരുടെ EPF ആനുകൂല്യം- കുടിശ്ശിക തുക അടച്ചത് സംബന്ധിച്ച്**

എംപ്ലോയീ പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (EPFO) പരിശോധനാ വിഭാഗം 27/10/2016 തീയതിയിൽ കിലയിൽ പരിശോധന നടത്തുകയും ആയതിൽ കിലയിൽ കോൺട്രാക്ട് ഏറ്റെടുത്ത് പ്രവർത്തിച്ചു വരുന്ന ഏജൻസികളിലെ കീഴിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് EPF ആനുകൂല്യം ബാധകമാക്കിയിട്ടില്ലാ എന്ന് കണ്ടെത്തുകയും ആയതിന്റെ വിശദാംശം പ്രസ്തുത ഏജൻസികളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും ചെയ്തു. തുടർന്ന് കോൺട്രാക്ട് വ്യവസ്ഥയിൽ വിവിധ ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവർക്ക് EPF ആനുകൂല്യം ബാധകമാക്കാത്തതിന്റെ ബാധ്യതയുടെ ആകെ തുകയായ 19,92,957 രൂപ Principal Employer എന്ന നിലയിൽ കില അടക്കണം എന്ന് നിർദ്ദേശത്തോടുകൂടിയ നോട്ടീസ് ലഭിക്കുകയുണ്ടായി (**അനുബന്ധം-(8)**). വിശദാംശം ചുവടെ ചേർക്കുന്നു.

1. കിലയിലെ കാന്റീൻ കോൺട്രാക്ട് വ്യവസ്ഥയിൽ വിജയശ്രീ കുടുംബശ്രീ യൂണിറ്റ് ആണ് ഏറ്റെടുത്ത് നടത്തി വരുന്നത്. പ്രസ്തുത കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് ഇ.പി.എഫ് ആനുകൂല്യം ബാധകമാക്കാത്തതിനാൽ സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിലെ തൊഴില്ലുടമയുടേയും തൊഴിലാളിയുടെയും വിഹിതത്തിന്റെ ആകെ തുകയായി 12,19,025 രൂപ ഇ.പി.എഫ് വിഹിതത്തിന്റെ കുടിശ്ശിക തുകയായി അടയ്ക്കണമെന്ന് അറിയിപ്പ് ലഭിച്ചു.

2. അതോടൊപ്പം കിലയിലെ സെക്യൂരിറ്റി കോൺട്രാക്ട് കരാർ വ്യവസ്ഥയിൽ ഏറ്റെടുത്തുവരുന്ന All Kerala Ex-servicemen and Security Force Charitable Trust, Guruvayur എന്ന സ്ഥാപനത്തിന്റെ കീഴിൽ സേവനമനുഷ്ഠിച്ച വന്ന ജീവനക്കാർക്ക് ഇ.പി.എഫ് ആനുകൂല്യം ബാധകമാക്കാത്തതിനാൽ സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിലെ തൊഴില്ലുടമയുടേയും തൊഴിലാളിയുടെയും വിഹിതത്തിന്റെ ആകെ തുകയായി 7,73,932 രൂപ ഇ.പി.എഫ് വിഹിതത്തിന്റെ കുടിശ്ശിക തുകയായി അടയ്ക്കണമെന്ന് അറിയിപ്പ് ലഭിച്ചു.

കിലയിൽ കോൺട്രാക്ട് ഏറ്റെടുത്ത് നടത്തുന്ന ഏജൻസികളിൽ കീഴിൽ സേവനം അനുഷ്ഠിച്ചവരുടെ വിവരങ്ങൾ കിലയിൽ ലഭ്യമല്ലാത്തതിനാൽ ആയത് സംബന്ധിച്ച് നിയമോപദേശത്തിനായി അഡ്വക്കറ്റ് സി ബി മുകുന്ദനുമായി ചർച്ച ചെയ്യുകയും തുടർന്ന് ടി

വിഷയം സംബന്ധിച്ച് The Central Government Industrial Tribunal-Cum-Labour Court, Ernakulam മുമ്പാകെ അപ്പീൽ നം 136/2018 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 13.06.2019 ൽ നടന്ന ഹിയറിങ്ങിൽ ബാധ്യത തുകയുടെ 30% തുകയായ 5,97,887 രൂപ ഡിമാന്റ് ഡ്രാഫ്റ്റായി (DD No. 456161 dt. 03.07.2019) കൊച്ചിയിലുള്ള റീജിണൽ പ്രോവിഡണ്ട് കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തു.

08/02/2021 തീയതിയിലെ വിധി പ്രകാരം ഇ.പി.എഫ് ബാധ്യത തുക പൂർണ്ണമായും അടക്കുവാനുള്ള നിർദ്ദേശത്തോടുകൂടി പ്രസ്തുത അപ്പീലിന് തീർപ്പ് കൽപ്പിച്ചു. 03/01/2020 തീയതിയിലെ റിക്കവറി നോട്ടീസ് നം KR/KCH/15911/Recovery Cell/2021-22 പ്രകാരം ആകെ 19,92,957 തുകയിൽ നിന്നും അപ്പീൽ അപേക്ഷയോടൊപ്പം കെട്ടിവെച്ച തുകയായ തുകയായ 5,97,887 രൂപ കിഴിച്ച് റിക്കവറി ചെലവായ 100 രൂപ ഉൾപ്പെടെ ബാക്കി തുകയായ 13,95,170/-രൂപ (ഡിഡി നം 456820 തീയതി 12/01/2022) അടവാക്കിയിട്ടുള്ളത് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

കിലയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന വിജയശ്രീ കുടുംബശ്രീ കാന്റീൻ യൂണിറ്റും, സെക്യൂരിറ്റി പ്രവർത്തനം ഏറ്റെടുത്തു നടത്തുന്ന All Kerala Ex-servicemen and Security Force Charitable Trust, Guruvayur തുടർന്ന് പ്രവർത്തിച്ചു വരുന്നതിനാൽ ഇ.പി.എഫ് കുടിശ്ശിക ഇനത്തിൽ എംപ്ലോയീ പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ കില അടച്ച തുക പൂർണ്ണമായും കിലയിലേക്ക് ലഭ്യമാക്കുന്നതിലേക്കായി അതാത് ഏജൻസികൾക്ക് കില ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുള്ള വിവരം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിയിക്കുന്നു.

**കില ഡയറക്ടർ ജനറലിന്റെ മേൽ നടപടികൾ അംഗീകാരത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു .**

**തീരുമാനം**

**കില ഡയറക്ടർ ജനറലിന്റെ നടപടികൾ വിശദമായി ചർച്ച ചെയ്ത് കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ - 18

**കില ജീവനക്കാർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നത്-അനുമതി സംബന്ധിച്ച്**

14/10/2020 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം പ്രകാരം കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലേക്കു ഇൻഷ്വറൻസ് പ്രീമിയം തുകയുടെ 75% കിലയും 25% ജീവനക്കാരും അടക്കുന്നത് സംബന്ധിച്ച തീരുമാനം ജീവനക്കാരുമായി ചർച്ച തുടർനടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനം പ്രകാരം 29/12/2020 തീയതിയിൽ ജീവനക്കാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും അവരുടെ സമ്മതം 04.01.2021 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിയിച്ചിട്ടുമുണ്ട് ഐ.ബി. എസ് തുടർന്ന് .ലഭ്യമാക്കിയ )ഏകദേശം 627888/- രൂപയുടെപ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു .

കിലക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത വിധത്തിൽ കില ഫെസിലിറ്റേറ്റർ എന്ന നിലയിൽ പോളിസി തുക നിശ്ചയിച്ച് ആയതിന്റെ മുഴുവൻ പ്രീമിയം തുകയും ജീവനക്കാർ വഹിക്കുന്ന രീതിയിൽ കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപെടുത്തിക്കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശമാണ് സർക്കാരിൽ നിന്നും 23.06.2021 തിയതിയിലെ കത്ത് മുഖേന കിലയിലേക്ക് അറിയിപ്പ് ലഭിച്ചിരിക്കുന്നത്. ആയത് **അനുബന്ധം**-(9). ആയി ഉള്ളടക്കം ചെയ്യുന്നു.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആയ മെഡിസെപ് (Medisep) പദ്ധതി ആനുകൂല്യം തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമായ കിലയിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആയ മെഡിസെപ് (Medisep) പദ്ധതി ആനുകൂല്യം തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമായ കിലയിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ - 19

**കില - ലാന്റ് അക്വസിഷൻ അപ്പീൽ കേസുകൾ - സംബന്ധിച്ച്**

കിലയുടെ വികസനത്തിനായി 5 ഏക്കർ ഭൂമി 2010 ൽ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഭൂവുടമകൾ ഫയൽ ചെയ്തിരുന്ന LAR 3/2010 മുതൽ LAR 9/2010 എന്നീ ഏഴ് കേസുകളിന്മേൽ കിലയ്ക്ക് എതിരെ തൃശ്ശൂർ സബ് കോടതി പുറപ്പെടുവിച്ച 25.08.2014 തീയതിയിലെ വിധിക്കെതിരെ ഹൈക്കോടതിയിൽ കില അപ്പീൽ ഫ.യൽ ചെയ്യുകയുണ്ടായി. ഇതിനായി ഹൈക്കോടതി നിർദ്ദേശാനുസരണം, അധികാമായി അനുവദിച്ച തുകയുടെ 50% ആയ 1,31,58,188/- രൂപ ഭൂവുടമകൾക്ക് നൽകുന്നതിനായി സബ് കോടതിയിൽ കെട്ടിവെയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ 4.12.2020 തീയതിയിലെ വിധിപ്രകാരം കിലയുടെ അപ്പീൽ അപേക്ഷ നിരാകരിച്ച് കൊണ്ട് അധിക തുക അനുവദിച്ചത് അംഗീകരിച്ച കൊണ്ടും ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് കോടതി ഉത്തരവ് പ്രകാരം അനുവദിച്ച അധികതുകയായ 2,0310,266 രൂപ IT-TDS ഉൾപ്പടെ കോടതിയിൽ അടവാക്കിയ കില ഡയറക്ടർ ജനറലിന്റെ നടപടി 10.08.2021 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിച്ചിട്ടുള്ളതാണ്.

അധിക നഷ്ടപരിഹാരമായി കോടതിയിൽ കെട്ടിവെച്ച തുക കണക്കാക്കിയത്, 20.07.2021 ൽ കിലയുടെ അഭിഭാഷകനായ അഡ്വ.കെ.ബി.മോഹൻദാസ് നൽകിയ കത്തിൽ നിർദ്ദേശിച്ചത് പ്രകാരമാണ്. ഇതിൻ പ്രകാരം ബഹു.സുപ്രീം കോടതിയുടെ 19.10.2006 തീയതിയിലെ Gurpreet Singh Vs Union of India എന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ സബ് കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്ന സാഹചര്യത്തിൽ കോടതിയിൽ കെട്ടിവെയ്ക്കുന്ന അധിക തുക ആദ്യം ലാന്റ് വാല്യൂ കോമ്പൻസേഷൻ, സൊലേഷ്യം എന്നിവയിലേക്കും തുടർന്ന് മാത്രം പലിശയിലേക്കും വകയിരുത്തുന്നതിന് അനുവദിക്കുന്നുണ്ട്. ഈ വിധിയുടെ പ്രയോജനം ലഭിക്കുന്നതിനായി 11.03.2015 ൽ 50% തുക കോടതിയിൽ കെട്ടിവെച്ചതിനൊപ്പം കിലയ്ക്ക് വേണ്ടി preference of appropriation ഫയൽ ചെയ്തിരുന്നതായി അറിയിച്ചിരുന്നു. എന്നാൽ ഹൈക്കോടതി

വിധിയുടെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട EA/754/2021 മുതൽ EA 759/2021 (LAR 3/2010, 4/2010, 6/2010, 7/2010, 8/2010 & 9/2010) എക്സിക്യൂഷൻ പെറ്റീഷനുകൾ പരിഗണിക്കുന്ന ബഹു.തൃശ്ശൂർ സബ് കോടതി, മേൽ വിവരിച്ച പ്രകാരമുള്ള preference of appropriation ന്റെ ആനുകൂല്യം ലഭ്യമാകും വിധം ബാക്കി നൽകേണ്ട തുക സംബന്ധിച്ച് കില തയ്യാറാക്കി ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റുകൾ നിരാകരിച്ച് കൊണ്ട് 15/12/2021 തീയതിയിൽ ഉത്തരവായിട്ടുണ്ട്. ഇത് മൂലം നഷ്ടപരിഹാരമായി 1,25,99,750 രൂപ അധികമായി നൽകേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്.

മേൽ സാഹചര്യത്തിൽ സുപ്രീം കോടതി വിധിയുടെ ആനുകൂല്യം കിലയ്ക്ക് ലഭിക്കുന്നതിനായി സബ് കോടതി ഉത്തരവിനെതിരെ ബഹു ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് കില അഭിഭാഷകൻ അഡ്വ. കെ.ബി.മോഹൻദാസ് നിയമോപദേശം നൽകുകയും ആയത് പരിഗണിച്ച അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ള വിവരം കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**കില ഡയറക്ടർ ജനറലിന്റെ നടപടികൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.**

ഐറ്റം നമ്പർ - 20

കില കക്ഷിയായിട്ടുള്ള നിലവിലെ വിവിധ കേസുകൾ സംബന്ധിച്ച്

| Case Number | Status Report |
|---|---|
| WP(c)No-2244/2021 filed by Dr Peter M Raj & others before the High Court | കിലയിലെ ഫാക്കൽറ്റി അംഗങ്ങളായ ഡോ.പീറ്റർ എം,രാജ്, ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ ഫയൽ ചെയ്ത കേസ്സിൽ 28/1/2021 ൽ കോടതി പുറപ്പെടുവിച്ച വിധി പ്രകാരം മൂന്നാമത്തെ എതിർകക്ഷിയായ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാന് പെറ്റീഷണർമാർ നൽകിയ 16/1/2021 ലെ നിവേദനം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. 22/2/2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി, കോടതി വിധിയും നിവേദനവും പരിഗണിച്ച് ഇക്കാര്യം ചർച്ച ചെയ്യുകയും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ എച്ച്.ആർ പോളിസി അന്തിമമാക്കുന്നതിനായി രൂപീകരിച്ച അർബൻ ഡയറക്ടറും റൂറൽ ഡെവലപ്പമെന്റ് കമ്മീഷണറും ഉൾപ്പെടുന്ന ഉപസമിതിയുടെ ശുപാർശപ്രകാരം തുടർനടപടി എടുക്കാൻ തീരുമാനിച്ചു. 16/10/2021 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി, ഉപസമിതിയുടെ റിപ്പോർട്ടും ഫാക്കൽറ്റി അംഗങ്ങളുടെ ആവശ്യങ്ങളും കൂടി പരിഗണിച്ച്, എച്ച്.ആർ പോളിസി, സർവ്വീസ് ബൈലോ-ഭേദഗതി എന്നിവയിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും തുടർന്ന് 9/11/2021 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ആയത് അംഗീകരിച്ച് കില ഗവേണിംഗ് കൗൺസിൽ അംഗീകാരത്തിന് ശുപാർശ ചെയ്യുകയും ഉണ്ടായി. 17/11/2021 ൽ ചേർന്ന കില ഗവേണിംഗ് കൗൺസിൽ പരിഗണിച്ച് അംഗീകാരം നൽകിയ കില എച്ച്.ആർ പോളിസിയും സർവ്വീസ് ബൈലോയും ഭേദഗതികളും സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.<br><br>എച്ച്.ആർ.പോളിസിയുടെ അംഗീകരിക്കുന്ന നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലെത്തിയ സാഹചര്യത്തിൽ പെറ്റീഷണർമാരിൽ പീറ്റർ.എം.രാജ് ഒഴികെയുള്ള രണ്ട് പേർ (ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ) ചേർന്ന് 14.12.2021 തീയതിയിൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണെ എതിർകക്ഷിയാക്കികൊണ്ട് COC 2137/21 നമ്പറായി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയുണ്ടായി. കോടതിയലക്ഷ്യ കേസിന്റെ പശ്ചാത്തലത്തിൽ സർക്കാരിൽ നിന്നുള്ള |

| | |
|---|---|
| | നിർദ്ദേശാനുസരണം WC(P)2244/2021 കേസിലെ വിധിയെ തുടർന്ന് പരാതി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിവരിച്ചു കൊണ്ട് 20.12.2021 തീയതിയിൽ കില ഡയറക്ടർ ജനറൽ നടപടിക്രമം പുറപ്പെടുവിക്കുകയും ആയത് കേസിലെ പെറ്റീഷണർമാർക്ക് അയച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്. |
| WC(P) No 2097-2021 രമ്യ ഹരിദാസ് | കിലയിൽ സെന്റർ ഫോർ അർബൻ ഗവേൺസിന്റെ ഭാഗമായി അർബൻ ചെയർ, രൂപീകരണവുമായി ബന്ധപ്പെട്ട് സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ തസ്തികകളുടെ യോഗ്യത നിശ്ചയിച്ചതിലും ഇതിനായി കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിലും അപാകതയുണ്ടെന്നും നടപടിക്രമങ്ങളിൽ വീഴ്ച്ചയുണ്ടെന്നും ആയതിനാൽ ഈ തസ്തികയിലേക്ക് നിയമനങ്ങൾ റദ്ദ് ചെയ്യണമെന്ന് ആവശ്യവുമായി ആലത്തൂർ എം.പി കുമാരി രമ്യ ഹരിദാസ് ഫയൽ ചെയ്ത കേസിൽ എതിർ സത്യവാങ്മൂലവും അധിക സത്യവാങ്മൂലവും കില ഫയൽ ചെയ്യുകയുണ്ടായി. 14.01.2022 ലെ കോടതി നിർദ്ദേശപ്രകാരം ഈ കേസുമായി ബന്ധപ്പെട്ട കില സെന്റർ ഫോർ അർബൻ ഗവേണൻസിലെ തസ്തികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് കൗൺസിൽ എന്നിവയുടെ മിനിറ്റ്സ് എന്നിവ മുദ്ര വെച്ച കവറിൽ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വാദങ്ങൾ പൂർത്തീകരിച്ച കേസ് അന്തിമഘട്ടത്തിലാണ്. |
| WC(P) No 1981-2022 KILA Employees Association | 17.11.2021 ൽ ചേർന്ന കിലയുടെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള എച്ച്.ആർ.പോളിസി, സർവ്വീസ് ബൈലോ എന്നിവ തയ്യാറാക്കിയതിൽ അപാകതയുണ്ടെന്ന് ആരോപിച്ച് കില എംപ്ലോയ്സ് അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 24/1/2022 ൽ ബഹു.ഹൈക്കോടതി പരിഗണിക്കുകയും അന്നേ ദിവസം തന്നെ സർക്കാരിനോട് കേസിലെ വസ്തുതകൾ കൂടി പരിഗണിച്ച് കൊണ്ട് തീരുമാനം എടുക്കാൻ നിർദ്ദേശിച്ചു കൊണ്ട് തീർപ്പാക്കുകയും ചെയ്തതായി കില സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുണ്ട്. (കേസിന്റെ വിധിപകർപ്പ് ലഭിച്ചിട്ടില്ല). |

**തീരുമാനം**

**കില കക്ഷിയായിട്ടുള്ള നിലവിലെ വിവിധ കേസുകൾ സംബന്ധിച്ച വിവരങ്ങൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി.**

ഐറ്റം നമ്പർ -21

**തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആറാം ധനകാര കമ്മീഷനിൽ കമ്പ്യൂട്ടർ അസിസ്റ്റന്റായി (ദിവസവേതനാടിസ്ഥാനം) സേവനമനുഷ്ഠിക്കുന്ന ശ്രീ.ചെല്ലപ്പന്റെ 01.06.2021 ലെ സ്ഥിരനിയമന അപേക്ഷ-സംബന്ധിച്ച്**

സർക്കാരിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ കഴിഞ്ഞ 21 വർഷമായി ദിവസവേതന/ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ചെല്ലപ്പൻ (വിദ്യാഭ്യാസയോഗ്യത ചുവടെ ചേർക്കുന്നു. ബിരുദം, ടൈപ്പ് റൈറ്റിങ് (ഹയർ & ലോവർ),മലയാളം(ലോവർ), കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ശ്രമിക് വിദ്യാപീഠത്തിൽ നിന്നും മൂന്നുമാസം ദൈർഘ്യമുള്ള ഡാറ്റ എൻട്രി ഓപ്പറേറ്റർ കോഴ്സ്) ഒൻപതുവർഷത്തോളം തദ്ദേശ സ്വയംഭരണവകപ്പിന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്തുത്യാർഹസേവനം നടത്തിയിട്ടുള്ള വ്യക്തി എന്ന നിലയ്ക്കും,ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, 54 വയസ്സ് പ്രായമുള്ള ആളെന്ന നിലയ്ക്കും,മാത്രമല്ല റോഡ് അപകടത്തെത്തുടർന്ന് 12%സ്ഥിര ശാരീരികവൈകല്യം ഉണ്ടായതിനാലും പി എസ് സി മുഖാന്തിരം ഇനി മറ്റൊരു ജോലി ലഭിക്കുന്നത് പ്രായോഗികമല്ല. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് ശ്രീ.ചെല്ലപ്പന് കിലയിൽ താത്കാലിക നിയമനം നൽകുവാൻ കഴിയുമോ എന്ന വിവരം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സർക്കാർ കത്ത് നം.ഇആർഎ 3/167/2021-തസ്വഭവ തീയതി: 20.01.2022 ലഭ്യമാക്കിയിട്ടുണ്ട് (അനുബന്ധം-(10)).

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു**

**തീരുമാനം**

**ആറാം ധനകാര്യ കമ്മീഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ചെല്ലപ്പന്റെ സ്ഥിരനിയമന അപേക്ഷ സർക്കാരിന്റെ തീരുമാനത്തിനനുസൃതമായി നടപ്പിലാക്കാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ - 22

**കിലയിലെ കരാർ /ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിവേദനം**

കിലയിൽ കരാർ /ദിവസ വേതന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് കൊണ്ട് ബഹു ഗവേർണിംഗ് കൌൺസിൽ ചെയർമാൻ മുമ്പാകെ കില എംപ്ലോയീസ് യൂണിയൻ നൽകിയ നിവേദനം എക്സിക്യൂട്ടീവ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു. കില എംപ്ലോയീസ് യൂണിയൻ നൽകിയ നിവേദനം അനുബന്ധം-(11) ആയി ഉള്ളടക്കം ചെയ്യുന്നു.

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു**

**തീരുമാനം**

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടികൾ സർക്കാർ തീരുമാനത്തിനനുസൃതമായി നടപ്പിലാക്കാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ - 23

റിപ്പോർട്ടിംഗ്

1. Training Calendar – 2021 – 22 സാമ്പത്തിക വർഷത്തിലെ കിലയിലെ പരിശീലന കലണ്ടർ (Revised) (അനുബന്ധം-(12)) എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.
2. കില പ്രവർത്തന റിപ്പോർട്ട് – 2021 ഏപ്രിൽ മുതൽ 2022 ജനുവരി വരെ കില നടത്തിയ വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് സംക്ഷിപ്ത റിപ്പോർട്ട് (അനുബന്ധം-(13)) എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**തീരുമാനം**

**2021 ഏപ്രിൽ 1 മുതൽ 31 ജനുവരി 2022 വരെയുള്ള കില പ്രവർത്തന റിപ്പോർട്ട് താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പവർ പോയിന്റ് പ്രസന്റേഷൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ കില ഡയറക്ടർ ജനറൽ വിശദമായി അവതരിപ്പിച്ചു.**

**(1) കോവിഡ് പ്രതിരോധം**
**(2) വെബ്ബിനാർ പരമ്പരകൾ**
**(3) ശില്പശാലകൾ**
**(4) അതിതീവ്ര ദരിദ്രരെ കണ്ടെത്തൽ പ്രക്രിയ**
**(5) പരിശീലനങ്ങൾ**
**(6) ആക്ഷൻ റിസർച്ച് /പ്രൊജക്ടുകൾ**
**(7) കോഴ്സുകൾ**
**(8) പതിനാലാം പഞ്ചവത്സര പദ്ധതി**
**(9) വിവിധ കമ്മറ്റികളും വിഷയ കേന്ദ്രങ്ങളുടെ ചുമതലകളും**
**(10) മറ്റ് പ്രവർത്തനങ്ങൾ**
**(11) പ്രൊജക്ടുകൾ**

തദ്ദേശ സ്വയംഭരണ വകുപ്പമായി ബന്ധപ്പെട്ട വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കിലയുടെ പങ്ക് അഭിനന്ദനാർഹമാണെന്ന് കില എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി.

കിലയുടെ പ്രവർത്തന റിപ്പോർട്ടും പുതുക്കിയ പരിശീലന കലണ്ടറും കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.

യോഗം ഉച്ചക്ക് 01.30 ന് അവസാനിച്ചു.

ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി